"ഭരണഭാഷ - മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2725 — 06.11.2019-ൽ മറുപടിയ്ക്ക്

### ആവാസ വ്യവസ്ഥ സന്തുലിതമായി സംരക്ഷിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | അഡ്വ: കെ. രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

എ) കടലും കാടും കണ്ടൽക്കാടുകളും കാവും നീർത്തടങ്ങളും എല്ലാം ചേർന്ന പഴയ കാലത്തെ സന്തുലിതമായ ആവാസ വ്യവസ്ഥ തിരിച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

എ) കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി വനം വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികൾക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര സഹായത്തോടെ Consérvation , and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട് , കണ്ണൂർ, മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും , തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി , രാമച്ചം , പൂവരശ്ശ് എന്നിവ ഉൽപ്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും , കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. അധിനിവേശ സസ്യങ്ങളുടെ നീക്കം ചെയ്യൽ , കുളങ്ങളുടേയും ജലസ്രോതസ്സുകളുടേയും പുനരുജ്ജീവനം ജനപങ്കാളിത്തത്തോടുകൂടിയുള്ള വനപരിപാലനം തുടങ്ങിയവ മുഖേന ആവാസവ്യവസ്ഥ പൂർണ്ണമായും സംരക്ഷിച്ചുവരുന്നു. കൂടാതെ കണ്ടൽ വളരുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വനാശ്രിതത്വം കുറയ്ക്കുന്നതിനും വാട്ടർ ടാങ്കുകൾ , ബയോഗ്യാസ് യൂണിറ്റ് എന്നിവ

വിതരണം ചെയ്യുകയും ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുമാന വർദ്ധനവിന് സഹായം ചെയ്യുകയും ചെയ്തുവരുന്നു.

കാവ് സംരക്ഷണ പദ്ധതി പ്രകാരം ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ തിരഞ്ഞെടുത്ത് , സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാന പ്രകാരം അർഹമായ കാവുകൾക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാവ് സംരക്ഷണത്തിനായി ധനസഹായം നൽകിവരുന്നു.

കൂടാതെ വനേതര പ്രദേശങ്ങളിൽ വൃക്ഷ വത്കരണം നടത്തുന്നതിനായി ഹരിത കേരളം , എന്റെ മരം , നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി , അർബൻ ഫോറസ്ട്രി , പുഴയോര സംരക്ഷണം , Institutional Plantation , കണ്ടൽ വനവൽക്കരണം, സ്വകാര്യ ഭൂമികളിൽ തടി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നിലവിലുണ്ട്. മേൽ പദ്ധതികൾ എല്ലാം തന്നെ ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക , മണ്ണ് , ജല സംരക്ഷണം ഉറപ്പാക്കുക , ഗാർഹിക – വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കി തന്മൂലം വനാശ്രിതത്വം കുറച്ച് കാടിന്റെ സന്തുലിതമായ ആവാസ വ്യവസ്ഥ നിലനിർത്തുക എന്ന ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കി വരുന്നത്.

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ "ഗ്രീൻ ഇൻഡ്യാ മിഷൻ" പ്രവർത്തനങ്ങളിൽ ശോഷിത വനങ്ങളോടൊപ്പം കണ്ടൽക്കാടുകളുടേയും , നീർത്തടങ്ങളുടേയും സംരക്ഷണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) വനശോഷണം തടയുന്നതിനും കൂട്ടി തേവാങ്ക്, അളുങ്ക്, മലബാർ വെരുക്, മലയണ്ണാൻ, വേഴാമ്പൽ, പച്ചത്തവളകൾ, വരയാട്,

ബി) സംസ്ഥാനത്ത് വനശോഷണം തടയുന്നതിനും , വന്യജീവികളുടെ സംരക്ഷണത്തിനും പരിപാലന ത്തിനുമായി കേന്ദ്ര – സംസ്ഥാന സഹായത്തോടെ

സിംഹവാലൻ കുരങ്ങ് തുടങ്ങിയ വംശനാശ ഭീഷണി നേരിടുന്ന ജീവികളെ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ

വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കേന്ദ്ര സഹായത്തോടെ നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുക , പരിസ്ഥിതി സംരക്ഷിക്കുക , വനങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക , സോഷ്യൽ ഫോറസ്റ്റി - അഗ്രോ ഫോറസ്റ്റി പ്രവർത്തനങ്ങൾ വിപുലീകരിക്കുക , തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അതോടൊപ്പം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക, കാവുകളുടെ സംരക്ഷണം , ജലസ്രോതസുകളുടെ സംരക്ഷണവും പരിപാലനവും , പ്രകൃതി സൗഹൃദ പദ്ധതികൾ , പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തിനായുള്ള പ്രവർത്തനങ്ങൾ , ജൈവവൈവിധ്യം , ജലം , പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള സമഗ്രമായ ഹരിതവൽക്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി നടപ്പാക്കി വരുന്നത്.

അന്യം നിന്നു പോകുന്ന വരയാടുകളുടെ സംരക്ഷണത്തിനായി കേന്ദ്ര സഹായത്തോടെ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയിലൂടെ ഇവയുടെ ആവാസവ്യവസ്ഥ പുനരുജ്ജീവിപ്പിക്കുന്നതിനും വിവിധ സംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾക്കും ഗവേഷണ നിരീക്ഷണങ്ങൾക്കും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. വാഴച്ചാൽ മേഖലയിൽ വേഴാമ്പലിന്റെ ആവാസവ്യവസ്ഥയുടെ പ്രത്യേക പരിചരണത്തിനായി ഒരു പദ്ധതി നിലവിലുണ്ട്.

മലയണ്ണാൻ , സിംഹവാലൻ കുരങ്ങ്

എന്നീ മൃഗങ്ങൾ കാടിനുള്ളിലെ റോഡ് മുറിച്ചുകടക്കുമ്പോൾ വാഹനാപകടങ്ങളിൽപ്പെടുന്നത് തടയാൻ കോട്ടയം വന്യജീവി ഡിവിഷനു കീഴിൽ വിവിധ സ്ഥലങ്ങളിൽ കനോപ്പി ബ്രിഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ട്.

സൈലന്റ് വാലി ദേശീയോദ്യാനത്തിൽ സിംഹവാലൻ കുരങ്ങുകളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സി) വിവിധയിനം ആവാസ വ്യവസ്ഥകൾ സന്തുലിതമായി സംരക്ഷിക്കുന്നതിനും നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനും വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ വനം വകുപ്പ് നേതൃത്വം നൽകുമോ?

**സി)** വിവിധതരം ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി വനം വകുപ്പ് വിവിധ വകുപ്പുകളുടേയും സന്നദ്ധസംഘടനകളുടേയും സഹകരണത്തോടെ പ്രവർത്തനങ്ങൾ നടത്തുകയും പരിസ്ഥിതി ബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ